©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ആഗസ്റ്റ് 16<br>16th August 2018<br>1193 കർക്കടകം 31<br>31st Karkadakam 1193<br>1940 ശ്രാവണം 25<br>25th Sravana 1940 | നമ്പർ<br>No. 2170 |

## കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 11/2018/നിയമം.

*തിരുവനന്തപുരം, 2018 ആഗസ്റ്റ് 14*
*1193 കർക്കടകം 29*
*1940 ശ്രാവണം 23.*

### 2018-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഈ ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/3185/2018/S-12.

(3) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ,—

(i) (2)-ാം ചട്ടത്തിൽ, (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "വിവാഹ ഓഫീസർ" എന്നാൽ ഈ ചട്ടങ്ങൾക്ക് കീഴിലല്ലാതെ ബന്ധപ്പെട്ട വ്യക്തിനിയമങ്ങൾക്ക് കീഴിൽ വിവാഹകർമ്മം നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സർക്കാർ നിയമിക്കുന്നതോ അല്ലെങ്കിൽ സ്ഥാനനിർദ്ദേശം ചെയ്യുന്നതോ ആയ, വിവാഹ ഓഫീസർ എന്നർത്ഥമാകുന്നു.".

(ii) (9)-ാം ചട്ടത്തിൽ, (3)-ാം ഉപചട്ടത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ഒരു മെമ്മോറാണ്ടം" എന്ന വാക്കുകൾക്കു പകരം "ഒരു മെമ്മോറാണ്ടം (ഡ്യൂപ്ലിക്കേറ്റ് സഹിതം)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (11)-ാം ചട്ടത്തിൽ,—

(എ) (1)-ാം ഉപചട്ടത്തിൽ, "വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നതിനുള്ള കാരണം വിവാഹത്തിലേർപ്പെട്ട കക്ഷികളെ" എന്ന വാക്കുകൾക്കു ശേഷം "ഏഴ് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപചട്ടത്തിൽ, "അപ്രകാരം നിരസിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾക്കു പകരം "മെമ്മോറാണ്ടം ഫയൽ ചെയ്ത തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപചട്ടത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ വിവാഹത്തിലേർപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു മെമ്മോറാണ്ടവും നിരസിക്കുവാൻ പാടുള്ളതല്ല.";

(ഡി) (3)-ാം ഉപചട്ടത്തിൽ, "സ്ഥിരം രേഖകളായി" എന്ന വാക്കുകൾക്കുശേഷം "യഥാക്രമം തദ്ദേശ രജിസ്ട്രാറുടെ ഓഫീസിലും രജിസ്ട്രാർ ജനറലിന്റെ ഓഫീസിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) 13-ാം ചട്ടത്തിന്റെ, (1)-ാം ഉപചട്ടത്തിൽ "തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കേണ്ടതുമാണ്" എന്ന വാക്കുകൾക്കുശേഷം "ഉൾക്കുറിപ്പ്

തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന സംഗതിയിൽ, തിരുത്തൽ വരുത്തിയ ഉൾക്കുറിപ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് തൊട്ടടുത്തമാസം 10-ാം തീയതിക്കുമുമ്പായി തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. ഫാറങ്ങൾക്കുള്ള ഭേദഗതി.—ഫാറങ്ങളിലെ,—

(1) ഫാറം I-ൽ,—

(i) 3-ാം ഉൾക്കുറിപ്പിനുതാഴെ,—

(എ) പട്ടികയിൽ "വിവരങ്ങൾ" എന്ന കോളത്തിന് താഴെ (എഫ്) ഇനത്തിനെതിരെ " * " എന്ന ചിഹ്നം ചേർക്കേണ്ടതാണ്;

(ബി) പട്ടികയ്ക്ക് താഴെ, "ബാധകമാകുന്നതിന് (✓) അടയാളം ഇടേണ്ടതാണ്" എന്ന വാക്കുകളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ii) "കക്ഷികളുടെ പ്രഖ്യാപനം" എന്ന ശീർഷകത്തിനുതാഴെ "കക്ഷികളുടെ ഒപ്പ്" എന്ന വാക്കുകൾക്കുപകരം "കക്ഷികളുടെ പേരും ഒപ്പും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) "(ഓഫീസ് ആവശ്യത്തിന്)" എന്ന ശീർഷകത്തിനുതാഴെ "..................തീയതിയിൽ തപാൽവഴി നേരിട്ട് ലഭിച്ചു" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "മെമ്മോറാണ്ടം......................തീയതിയിൽ/തപാൽ വഴി/ ഓൺലൈനിൽ/നേരിട്ട് ലഭിച്ചു" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(2) ഫാറം II-ൽ "ഒപ്പ്, പേര്" എന്ന വാക്കുകൾക്ക് താഴെ "സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സീൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) ഫാറം III-ൽ,—

(i) "(ചട്ടം 8 കാണുക)" എന്ന വാക്കുകൾക്കും അക്കത്തിനും ബ്രാക്കറ്റുകൾക്കും പകരം "(ചട്ടം 8-ഉം 11 (1)-ഉം കാണുക)" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ii) 3-ാം ഉൾക്കുറിപ്പിനു താഴെ,—

(എ) പട്ടികയിൽ "വിശദ വിവരങ്ങൾ" എന്ന കോളത്തിന് താഴെ (എഫ്) ഇനത്തിനുമുമ്പായി " * " ചിഹ്നം ചേർക്കേണ്ടതാണ്;

(ബി) പട്ടികയ്ക്ക് താഴെ "* ബാധകമാകുന്നതിന് (✓) അടയാളം ഇടേണ്ടതാണ്" എന്ന വാക്കുകളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

(4) ഫാറം IV-ൽ, "ചട്ടം 11 (1) കാണുക" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം "(ചട്ടം 11 (1)-ഉം 14-ഉം കാണുക)" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

(5) ഫാറം IV-നുശേഷം "ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം, നിയമ വകുപ്പ് സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ബഹു. സുപ്രീംകോടതി, സീമ അഭി. അശ്വനികുമാർ എന്ന കേസിൽ 14-2-2006-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ [2006 (1) കെ.എൽ.റ്റി. 791 എസ്.സി.] എല്ലാ സംസ്ഥാന സർക്കാരുകളോടും അതത് സംസ്ഥാനങ്ങളിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമന്യേ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുന്നതിന്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചതിനുശേഷം ചട്ടങ്ങൾ ഉണ്ടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 16-11-2006-ലെ 1835-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2006-ലെ കരട് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾ, മതവിഭാഗങ്ങൾ, വകുപ്പുതലവന്മാർ മുതലായവരിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുകയുണ്ടായി. അതിനുശേഷം കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 ഫെബ്രുവരി 29-ാം തീയതിയിലെ 423-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പതിമൂന്നാം. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014) അതിന്റെ ഇരുപതാമത് റിപ്പോർട്ടിൽ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. ആയതിനാൽ പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 11/2018/Law.

*Dated, Thiruvananthapuram, 14th August, 2018 / 29th Karkadakam, 1193 / 23rd Sravana, 1940.*

# THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2018

1. *Short title, extent and commencement.*—(1) These rules may be called the Kerala Registration of Marriages (Common) Amendment Rules, 2018.

(2) These Rules shall extend to the whole of the State of Kerala.

(3) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(i) in rule 2, after clause (b), the following clause shall be inserted, namely:—

"(ba) "Marriage Officer" means Marriage Officer appointed or designated by the Government under respective personal laws, other than these Rules, for the purpose of solemnization of marriage".

(ii) in rule 9, in the second proviso to sub-rule (3), for the words "a memorandum", the words "a memorandum (in duplicate)" shall be substituted.

(iii) in rule 11,—

(a) in sub-rule (1), after the words "inform the parties to the marriage the reason for not registering the marriage", the words "within seven days" shall be inserted;

(b) in sub-rule (2), for the words "within a period of thirty days from the date of such rejection" the words "within a period of thirty days from the date of filing of memorandum" shall be inserted;

(c) to sub-rule (2), the following proviso shall be inserted, namely:—

"Provided that no such memorandum shall be rejected without affording a reasonable opportunity of being heard to the parties of the marriage.";

(d) in sub-rule (3) after the words "as permanent records", the words "in the Local Registrar's Office and the Registrar General's Office respectively" shall be inserted.

(iv) in the sub-rule (1) of rule 13, after the words "shall forward the particulars of the corrections to the Registrar General concerned" the words "and in the case of correction or cancellation of the entry, the Local Self Government Department shall ensure that the Local Registrar forwards the corrected entry to the concerned Registrar General before the 10th day of every succeeding month" shall be inserted.

3. *Amendment of Forms.*—In Forms,—

(1) in Form I,—

(i) Under entry 3,—

(a) in the Table, under the column "Details" against item (f), the symbol " * " shall be inserted;

(b) under the Table, the words, symbol and brackets "put (✓) mark on whichever is applicable" shall be inserted;

(ii) under the heading "Declaration of the Parties", for the words "Signature of the Parties" the words "Name and signature of the Parties" shall be substituted;

(iii) under the heading "(For office use)", for the words and symbols "Received by Post/in person on........" the words and symbols "Received the Memorandum by post/online/in person on..........." shall be substituted.

(2) in Form No. II, under the words "Signature, Name" the words "Seal of the attesting officer" shall be inserted.

(3) in Form III,—

(i) for the words, number and brackets "(See Rule 8)" the words, number, and brackets "(See Rule 8 and 11(1))" shall be substituted;

(ii) under entry 3,—

(a) in the Table, under the column "Details", before item (f) the symbol " * " shall be inserted;

(b) under the Table, the words, symbol and brackets " * put (✓) Mark on whichever is applicable" shall be inserted.

(4) in Form IV, for the words, numbers, and brackets "[See Rule 11(1)]" the words, numbers, and brackets "[See Rule 11(1) and 14]" shall be substituted.

(5) after Form IV, the words "By order of the Governor, Law Secretary" shall be inserted.

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Hon'ble Supreme Court of India, in the judgment dated 14-2-2006 in Seema V. Ashwinikumar [2006 (1) KLT 791 SC] has directed all State Governments to make Rules for making registration of all marriages solemnized in the respective States compulsorily irrespective of the religion after calling objections and suggestions. Based on this,

objections and suggestions received from the general public, religious denominations, Head of departments etc. regarding the draft Kerala Registration of Marriages (Common) Rules, 2006 published in the Kerala Gazette Extraordinary No. 1835 dated 16-11-2006 were considered. Thereafter "The Kerala Registration of Marriages (Common) Rules, 2008" was published in the Kerala Extraordinary Gazette No. 423 dated 29th February, 2008.

The Subordinate Legislation Committee of the Thirteenth Kerala Legislative Assembly (2011-2014) in its Twentieth Report has recommended certain amendments to the Kerala Registration of Marriages (Common) Rules, 2008. Hence the Government have decided to amend the said Rules.

This notification is intended to achieve the above object.